LIBRARY ARCHIVES Kerala Legislative Assembly

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

133 (958) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി "ഹൈടെക്ക്" ആക്കുന്നതുമായി ബന്ധപ്പെട്ട് കായംകുളം മണ്ഡലത്തിൽനിന്നും നിർദ്ദേശിച്ചിട്ടുള്ള കീരിക്കാട് ഗവൺമെന്റ് എൽ.പി.എസ്., കായംകുളം എരുവ ഗവൺമെന്റ് എൽ.പി.എസ്. എന്നിവയിൽ നിലവിലുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ?

### ഉത്തരം

'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുന്ന പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. എൽ.പി. സ്കൂളുകൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഹൈടെക് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2017-18 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം

134 (959) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 അദ്ധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് തയ്യാറായിട്ടുണ്ടോയെന്നും അവ എന്നു മുതൽ വിതരണം ചെയ്തു തുടങ്ങുമെന്നും വ്യക്തമാക്കുമോ ?

### ഉത്തരം

2017-18 അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പുതന്നെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2017-18 അദ്ധ്യയന വർഷത്തേക്കുള്ള 12-ാം ക്ലാസ്സിലെ പാഠപുസ്തകങ്ങളുടെ വിതരണം എല്ലാ ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 11-ാം ക്ലാസ് പാഠപുസ്തകങ്ങളുടെ അച്ചടി പുരോഗമിച്ചു വരുന്നു.

## മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്

135 (960) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവൺമെന്റ് ആർട്സ്&സയൻസ് കോളേജിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്തുവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;